നിർമ്മാർജ്ജനം ചെയ്ത പകർച്ചവ്യാധികൾ

*11 [941] ശ്രീ. എൻ. ശക്തൻ:
,, ലൂഡി ലൂയിസ്:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. എ. സുജനപാൽ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും ഏതെല്ലാം പകർച്ചവ്യാധികളെയാണ് നേരത്തേ നിർമ്മാർജ്ജനം ചെയ്തിരുന്നത്; അവയിൽ ഏതെല്ലാം രോഗങ്ങൾ വീണ്ടും സംസ്ഥാനത്ത് പ്രത്യക്ഷപ്പെട്ടിട്ടുണ്ട്;

(ബി) ഈ രോഗങ്ങളുടെ തിരിച്ചുവരവിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) വസൂരി, ഗിനിവേം ബാധ, മലേറിയ എന്നീ രോഗങ്ങളാണ് സംസ്ഥാനത്ത് നേരത്തേ നിർമ്മാർജ്ജനം ചെയ്തിരുന്നത്. എന്നാൽ കുറച്ചു വർഷങ്ങളായി മലേറിയ വീണ്ടും പ്രത്യക്ഷപ്പെട്ടുകാണുന്നു.

(ബി) അമിതമായ നഗരവൽക്കരണം, പ്രകൃതിയുടേയും കാലാവസ്ഥയുടേയും അസന്തുലിതാവസ്ഥ, അശാസ്ത്രീയമായ നഗരാസൂത്രണവും നിർമ്മാണ പ്രവർത്തനങ്ങളും ആളുകളുടെ ജീവിതരീതിയിൽ വന്ന മാറ്റങ്ങളും അനാരോഗ്യകരമായ പാർപ്പിട നിർമ്മാണങ്ങളും, തിങ്ങിപ്പാർക്കുന്ന സാഹചര്യങ്ങളും, കൊതുകുകൾ പെരുകുന്നതിനും രോഗം പകരുന്നതിനുമുള്ള സാഹചര്യങ്ങൾ വർദ്ധിക്കുകയുണ്ടായി. ഇത് മലേറിയയുടെ തിരിച്ചുവരവിന് കാരണമാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മലേറിയ കൂടുതലായി കണ്ടുവരുന്ന മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇവിടെ എത്തുന്നവരിൽ നിന്നും രോഗബാധ ഉണ്ടാകുന്നുണ്ട്.

റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ

*12 [942] ശ്രീ. ടി. കെ. ബാലൻ:
,, പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) ആണവോർജ്ജ നിയന്ത്രണ ബോർഡും ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്റ്റിയും ചേർന്ന് കേരളത്തിലെ ആരോഗ്യ മേഖലയിൽ നടത്തിയ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ പ്രസ്തുത പഠനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; പഠന റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ എക്സ്റേ സ്ഥാപനങ്ങളിലും ആശുപത്രികളിലും സുരക്ഷാ ക്രമീകരണങ്ങൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും എക്സ്റേ ക്ലിനിക്കുകളിലും ഉള്ളവർ യോഗ്യതയില്ലാത്ത ടെക്നീഷ്യൻമാരാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ;

(എഫ്) എക്സ്റേ, സ്കാൻ എന്നിവയുടെ ദുരുപയോഗംമൂലം ജനിതക വൈകല്യം, തിമിരം, ക്യാൻസർ തുടങ്ങിയ രോഗങ്ങൾ ഉണ്ടാകാനിടയുണ്ടെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) 1971-ലെ റേഡിയേഷൻ പ്രൊട്ടക്ഷൻ നിയമങ്ങൾ, 1962-ലെ അറ്റോമിക് എനർജി ആക്ട് പ്രകാരം നടപ്പിലാക്കുക എന്നതാണ് റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റിന്റെ ഉദ്ദേശം. സംസ്ഥാനത്തെ എക്സ്റേ/സി.റ്റി. യൂണിറ്റുകൾ പരിശോധനയ്ക്ക് വിധേയമാക്കുകയും അവ നിയമാനുസരണം പ്രവർത്തിക്കുന്നവയാണോ എന്നു കണ്ടെത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയുമാണ് റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ.

(ബി) ഉണ്ട്.

(സി) ഈ പഠനം അടുത്തകാലത്താണ് തുടങ്ങിയത്. പഠനത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) പഠനത്തിനുശേഷമുള്ള പൂർണ്ണ റിപ്പോർട്ട് പ്രസിദ്ധീകരിച്ചതിനുശേഷമേ ഇതു സംബന്ധിച്ച് നടപടികൾ തുടങ്ങാനാകുകയുള്ളൂ.

(ഇ) റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റിന്റെ അന്വേഷണ റിപ്പോർട്ട് പ്രകാരം സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന ടെക്നീഷ്യൻമാരിൽ 60%ത്തോളം അവശ്യം വേണ്ട യോഗ്യത ഇല്ലാത്തവരാണ് എന്നാണ് മനസ്സിലാക്കുന്നത്. സ്വകാര്യ ആശുപത്രികളിലും എക്സ്റേ ക്ലിനിക്കുകളിലും അന്വേഷണം നടത്തിയശേഷമാണ് റേഡിയേഷൻ സേഫ്റ്റി ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. നിയമാനുസരണം പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് മാത്രമേ അംഗീകാരം നൽകിയിട്ടുള്ളൂ.

(എഫ്) അന്താരാഷ്ട്ര തലത്തിലുള്ള പഠനങ്ങൾ അനുസരിച്ച് എക്സ്റേ, സി.റ്റി. പരിശോധനകൾ ക്യാൻസർ, തിമിരം മുതലായ അസുഖങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് തടയുന്നതിനായി റേഡിയേഷൻ സേഫ്റ്റി നിയമങ്ങൾ കർശനമായും നടപ്പിലാക്കുമെന്ന് ഉറപ്പുവരുത്തുന്നതിനു വേണ്ടിയാണ് റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റ് സ്ഥാപിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly